Sunday
Vol. 14 No. 10
CYCLE - C

# വെർബും ദോമിനി
# VERBUM DOMINI

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ

2025 ജനുവരി 26

## ആണ്ടുവട്ടത്തിലെ മൂന്നാം ഞായർ

# രക്ഷയുടെ ഇന്ന്

ഫാ. മാർട്ടിൻ കബ്രാൾ P M I



**ആ**രാധനാക്രമവർഷം C - ലെ വചനയാത്ര സുവിശേഷകനായ വിശുദ്ധ ലൂക്കായോടൊത്താണ്. മാംസം ധരിച്ച "ദൈവത്തിന്റെ ഉള്ളും ഉള്ളതുമായ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകരുമായവരുടെ സാക്ഷ്യത്തിൽ (ലൂക്കാ 1 : 1 - 4) അടിസ്ഥാനപ്പെട്ടതും, ഹൃദയത്തിൽ പതിപ്പിച്ചുറപ്പിച്ചതുമായ "ദൈവകരുണയുടെ" സദ്‌വാർത്തയാണല്ലോ ലൂക്കായുടെ സുവിശേഷം. ഇത് ശ്രവിക്കുന്നവരും, വായിക്കുന്നവരും ഒരുനാൾ "ദൈവകരുണയുടെ" മാംസം ധരിച്ച മറ്റൊരു പതിപ്പായി ഉറപ്പായും രൂപാന്തരം പ്രാപിക്കും.

യേശുവിന്റെ നാടായ നസറത്തിലെ സിനഗോഗിൽ നടക്കുന്ന വചന ശുശ്രൂഷയുടെ ( ലൂക്കാ 4 : 14 - 21) പശ്ചാത്തലമാണല്ലോ ഇന്നത്തെ സുവിശേഷം. ഒറ്റ വാക്കിലുള്ള വചനപ്രഘോഷണം. എന്നാൽ അത് നിത്യതയുടെ വർത്തമാനകാലമാണ്, രക്ഷയുടെ ഇന്നാണ്. ആർക്കും വീണ്ടും ആരംഭിക്കാം; ഒന്നും അവസാനിച്ചിട്ടില്ലെന്ന പ്രത്യാശയുടെ സദ്‌വാർത്തയാണത്. വിപ്രവാസത്തിനു ശേഷം ദൈവവചനം ശ്രവിച്ചും, ലേവ്യരാൽ പ്രബോധിതരായും, നവമായി എല്ലാം പുനഃപ്രതിഷ്ഠിക്കുമ്പോൾ ജനം വികാരനിർഭരരായി കരയുന്നു (നെഹമിയ 8 : 2 - 10). അവരുടെ അനുതാപം സ്നേഹമായും, സ്നേഹം പ്രത്യാശയുടെ ആനന്ദത്തിലേക്കും അവരെ നയിക്കുന്നുണ്ട്.

ലൂക്കയുടെ യേശു പരിശുദ്ധാത്മാവ് നിറഞ്ഞവനായി ആനയിക്കപ്പെടുക പരീക്ഷിക്കപ്പെടുന്ന രണ്ട് സ്ഥലങ്ങളിലാണ്. അവിടത്തെ അകത്തളങ്ങളിലും, സ്വന്തം നാട്ടിലും. ഈ രണ്ടിടങ്ങളിലും ആത്മാവിൽ യേശു വിജയം പ്രാപിക്കുന്നു. ഈ വിജയം ദൈവവചനത്തിൽ അടിസ്ഥാനമിട്ട ഒരു പ്രബോധനമായി, രക്ഷയുടെ ദൈവവചന വ്യാഖ്യാനമാക്കി തന്നെത്തന്നെ നസറത്തിൽ അവതരിപ്പിക്കുന്നുണ്ട്. ദാരിദ്ര്യം, അടിമത്വം, അന്ധത, അടിച്ചമർത്തൽ എന്നിവയെ ദൈവത്തിന്റെ പ്രത്യാശയുടെ സുവിശേഷം കൊണ്ട് അവിടുന്ന് തിരുത്തി.

**ദരിദ്രർ**: ദാരിദ്ര്യം, ഇല്ലായ്മയെ, കുറവിനെയാണ് സൂചിപ്പിക്കുക. ഭൗതികതലങ്ങളിൽ ഞാൻ എന്നെക്കൊണ്ട് നിറഞ്ഞിരിക്കുന്നു; എനിക്ക് ഞാൻ മതിയെന്ന സ്വാർത്ഥ വിചാരമാണല്ലോ ദൈവീക ഇടപെടലുകൾക്ക് തടസ്സമാകുന്നത്. നമ്മുടെ ആത്മീയത പോലും മതാത്മക മൗലിക അടിവേരുകളുടെ ആചരണത്താൽ നമ്മെ പ്രായോഗിക നിരീശ്വരവാദികളാക്കുന്നുണ്ട്. കപടത ഒരു സ്വഭാവമായും മാറുന്നു. ഇവിടെയാണ് ക്രിസ്തു ദാരിദ്ര്യത്തെ ഒരു അനുഗ്രഹമായും, നല്ല വിശേഷമായും പഠിപ്പിക്കുക. നിന്റെ 'ഇല്ലായ്മ', കുറവ് നിലനിൽക്കേ തന്നെ നീ ദൈവാശ്രയബോധത്തിൽ സുവിശേഷ ബോധത്തോടെ സദ്‌വാർത്തയുടെ ആനന്ദം നുകരുമെന്ന് പഠിപ്പിച്ചു തന്നത് ക്രിസ്തുവാണല്ലോ.

**ബന്ധിതർ**: ഒരു സാഹചര്യവും, വ്യവസ്ഥയും നിന്നെ തടയാത്ത ഒന്നിനെയാണല്ലോ സ്വാതന്ത്ര്യമെന്ന് നാം ധരിച്ചുവച്ചിരിക്കുന്നത്. Conditioning ഇല്ലാത്ത ജീവിതം ഈ ലോകത്തിൽ സാധ്യമോ? എന്റെ രോഗം, സ്വഭാവം, കുടുംബം, സമൂഹം, സമ്പത്ത്, രാഷ്ട്രീയം, കാലാവസ്ഥ, മതം, മരണം ഇതെല്ലാം എന്നെ ഞാൻ ആഗ്രഹിച്ചില്ലെങ്കിലും ബന്ധിതനാക്കുന്നുണ്ട്. ഇതിന്റെയെല്ലാം ഇരയായിട്ടല്ല, ഇതെല്ലാം നിലനിൽക്കെ തന്നെ ഇവയുടെ നടത്തിപ്പുകാരനാകുക എന്ന വിമോചന ചിന്തയാണ് സുവിശേഷം നൽകുക.

**അന്ധർ**: അന്ധത ഒരു ശാരീരിക അവസ്ഥയായിട്ടാണ് നാം മനസ്സിലാക്കുക. സുവിശേഷ ചിന്തയിൽ അത് മനുഷ്യന്റെ അസ്ഥിത്വാവസ്ഥ കൂടിയാണ്. എല്ലാം തെളിഞ്ഞു കാണുന്നുവെന്ന നെളിഞ്ഞ വർത്തമാനം പറയുമ്പോഴും ജീവിതത്തിലെ അസ്ഥിത്വപരമായ ചോദ്യങ്ങൾക്ക് മുമ്പിൽ നാം പകച്ചു പോകുന്നുണ്ട്. ജീവിതത്തിന്റെ അകത്തളങ്ങളിൽ എത്രമാത്രം അന്ധത പേറുന്നവരാണ് നാം? ഇവിടെ നമ്മെ കൈ പിടിച്ചു നടത്താൻ വെളിച്ചമായ ക്രിസ്തു മാത്രം.

**അടിച്ചമർത്തപ്പെട്ടവർ**: ജീവിതഭാരം മൂലം ക്ഷീണിതരാകാത്ത ആരാണുള്ളത്? വിവേചിച്ചെടുത്ത എത്രയോ നിർണ്ണയങ്ങൾ നമ്മെ ഞെരിക്കുന്നുണ്ട്? ഈ ഞെരുക്കപ്പെടൽ പേറുന്നവരോടായി അവിടുന്ന് പറയുന്നു: "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്ന്.

ഞാൻ കുറവുള്ളവനും, ബന്ധിതനും, അന്ധനും, അടിച്ചമർത്തപ്പെട്ടവനുമായിരിക്കുന്ന അവസ്ഥയിൽ നിന്നെല്ലാം കർത്താവ് എന്നെ അനുനിമിഷം വിളിക്കുന്നു, രക്ഷയിലേക്ക് നയിക്കുന്നു. കർത്താവിനോട് ഒരു വാക്കു മാത്രം "നന്ദി ദൈവമേ" - നമ്മുടെ ഓരോ ബലിയർപ്പണവും 'എവുക്കരിസ്ത്യ' ഈ നന്ദി പറയലാണ്.

**ആമുഖം** പ്രിയമുള്ളവരെ, ഇന്ന് സുവിശേഷത്തിൽ നാം വായിക്കുന്നത് യേശുനാഥൻ തന്റെ സ്വന്തം നാടായ നസറത്തിൽ വന്ന് ഒരു സാബത്തുദിവസം സിനഗോഗിൽ പ്രവേശിച്ച് ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ തന്നെക്കുറിച്ചുതന്നെ എഴുതിയിരിക്കുന്ന ഭാഗം വായിക്കുകയും, ആ വചനം നിറവേറിയിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുന്നതുമാണ്. അനാദി മുതൽ ദൈവപുത്രനെക്കുറിച്ച് എന്താണോ ദൈവം വെളിപ്പെടുത്തിയിരിക്കുന്നത്, പ്രവാചകന്മാരുടെ അധരങ്ങളിലൂടെ പ്രവചിക്കപ്പെട്ടതെന്താണോ, അത് അതേപടി യേശു പൂർത്തീകരിക്കുകയാണ്. അമ്മയുടെ ഉദരത്തിലൂടെ നമ്മെ ഓരോരുത്തരെയും ഈ ലോകത്തിലേയ്ക്ക് അയച്ചപ്പോൾ നമ്മെക്കുറിച്ച് ദൈവത്തിനൊരു പദ്ധതിയുണ്ട്. അത് നമ്മുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതി തന്നെയാണ്. എന്നാൽ അത് തിരിച്ചറിയണമെങ്കിൽ വചനത്തോട് ചേർന്നുനിൽക്കുന്നവരായി നാം മാറണം. വചനത്തിലൂടെ ദൈവം നമ്മോട് സംസാരിക്കുന്നത് തിരിച്ചറിയുവാനുള്ള കൃപാവരങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം.

## ഒന്നാം വായന

### നെഹെമിയായുടെ പുസ്തകത്തിൽ നിന്ന് (8 : 1-4a, 5-6, 8-10)

*(അവർ നിയമഗ്രന്ഥം വായിച്ച് ജനങ്ങൾക്കു മനസ്സിലാകുംവിധം ആശയം വിശദീകരിച്ചു)*

അക്കാലത്ത്, കർത്താവ് ഇസ്രായേലിനു നൽകിയ മോശയുടെ നിയമഗ്രന്ഥം കൊണ്ടുവരാൻ ജനം നിയമജ്ഞനായ എസ്രായോട് ആവശ്യപ്പെട്ടു. ഏഴാംമാസം ഒന്നാം ദിവസം പുരോഹിതനായ എസ്രാ സ്ത്രീകളും പുരുഷൻമാരും തിരിച്ചറിവായ എല്ലാവരും അടങ്ങുന്ന സഭയുടെ മുൻപിൽ നിയമഗ്രന്ഥം കൊണ്ടുവന്നു. അവൻ ജലകവാടത്തിനു മുൻപിലുള്ള മൈതാനത്തു നിന്നുകൊണ്ട് അതിരാവിലെ മുതൽ മധ്യാഹ്നംവരെ അവരുടെ മുൻപിൽ അതു വായിച്ചു. ജനം ശ്രദ്ധാപൂർവം ശ്രവിച്ചു. പ്രത്യേകം നിർമിച്ച തടികൊണ്ടുള്ള പീഠത്തിലാണ് എസ്രാ നിന്നത്.

ഉയർന്ന പീഠത്തിൽ നിന്നുകൊണ്ട്, എല്ലാവരും കാൺകെ അവൻ പുസ്തകം തുറന്നു. അവർ എഴുന്നേറ്റു നിന്നു. എസ്രാ അത്യുന്നത ദൈവമായ കർത്താവിനെ സ്തുതിച്ചു. ജനം കൈകൾ ഉയർത്തി ആമേൻ, ആമേൻ എന്ന് ഉദ്ഘോഷിക്കുകയും സാഷ്ടാംഗം വീണു കർത്താവിനെ ആരാധിക്കുകയും ചെയ്തു. അവർ ദൈവത്തിൻെറ നിയമഗ്രന്ഥം വ്യക്തമായി വായിച്ചു. ജനങ്ങൾക്കു മനസ്സിലാകുംവിധം ആശയം വിശദീകരിച്ചു.

നിയമം വായിച്ചുകേട്ടു ജനം കരഞ്ഞു. അപ്പോൾ ദേശാധിപനായ നെഹെമിയായും പുരോഹിതനും നിയമജ്ഞനായ എസ്രായും ജനത്തെ പഠിപ്പിച്ച ലേവ്യരും അവരോടു പറഞ്ഞു: നിങ്ങളുടെ ദൈവമായ കർത്താവിന് ഈ ദിവസം വിശുദ്ധമാണ്. അതിനാൽ, ദുഃഖിക്കുകയോ കരയുകയോ അരുത്. അനന്തരം അവൻ അവരോടു പറഞ്ഞു: നിങ്ങൾ പോയി വിഭവസമൃദ്ധമായ ഭക്ഷണവും മധുര വീഞ്ഞും കഴിക്കുക. ആഹാരമില്ലാത്തവന് ഓഹരി കൊടുത്തയയ്ക്കുകയും ചെയ്യുക. ഈ ദിവസം കർത്താവിനു വിശുദ്ധമാണ്. നിങ്ങൾ വിലപിക്കരുത്. അവിടുത്തെ സന്തോഷമാണ് നിങ്ങളുടെ ബലം.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (19 : 7-8a, 8b, 9, 14)

### കർത്താവേ, അങ്ങയുടെ വാക്കുകൾ ആത്മാവും ജീവനുമാണ്.

കർത്താവിൻെറ നിയമം അവികലമാണ്; അത് ആത്മാവിനു പുതുജീവൻ പകരുന്നു. കർത്താവിൻെറ സാക്ഷ്യം വിശ്വാസ്യമാണ്; അതു വിനീതരെ വിജ്ഞാനികളാക്കുന്നു:

**കർത്താവേ ......**

കർത്താവിൻെറ കൽപനകൾ നീതിയുക്തമാണ്; അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു; കർത്താവിൻെറ പ്രമാണം വിശുദ്ധമാണ്; അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു.

**കർത്താവേ ......**

ദൈവഭക്തി നിർമലമാണ്; അത് എന്നേക്കും നിലനിൽക്കുന്നു; കർത്താവിൻെറ വിധികൾ സത്യമാണ്; അവ തികച്ചും നീതിപൂർണമാണ്.

**കർത്താവേ ......**

എൻെറ അഭയശിലയും വിമോചകനും ആയ കർത്താവേ! എൻെറ അധരങ്ങളിലെ വാക്കുകളും ഹൃദയത്തിലെ വിചാരങ്ങളും അങ്ങയുടെ ദൃഷ്ടിയിൽ സ്വീകാര്യമായിരിക്കട്ടെ!

**കർത്താവേ ......**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലൻ കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽനിന്ന് (12: 12-30)

*(നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്)*

സഹോദരരേ, ശരീരം ഒന്നാണെങ്കിലും, അതിൽ പല അവയവങ്ങൾ ഉണ്ട്. അവയവങ്ങൾ പലതെങ്കിലും അവയെല്ലാംചേർന്ന് ഏക ശരീരമായിരിക്കുന്നു. അതുപോലെ തന്നെയാണ് ക്രിസ്തുവും. നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമാകാൻ ജ്ഞാനസ്നാനമേറ്റു. യഹൂദരെന്നോ ഗ്രീക്കുകാരെന്നോ, അടിമകളെന്നോ സ്വതന്ത്രരെന്നോ ഭേദംകൂടാതെ ഒരേ ആത്മാവിനെ പാനം ചെയ്യാൻ എല്ലാവർക്കും സാധിച്ചു. ഒരു അവയവമല്ല, പലതുചേർന്നതാണ് ശരീരം. ഞാൻ കൈ അല്ലാത്തതിനാൽ ശരീരത്തിൻെറ ഭാഗമല്ല എന്നു കാൽ പറഞ്ഞാൽ അതു ശരീരത്തിൻെറ ഭാഗമല്ലെന്നുവരുമോ? അതുപോലെതന്നെ, ഞാൻ കണ്ണല്ലാത്തതിനാൽ ശരീരത്തിൻെറ ഭാഗമല്ല എന്നു ചെവി പറഞ്ഞാൽ അതു ശരീരത്തിൻെറ ഭാഗമല്ലെന്നു വരുമോ? ശരീരം ഒരു കണ്ണുമാത്രമായിരുന്നെങ്കിൽ ശ്രവണം സാധ്യമാകുന്നതെങ്ങനെ? ശരീരം ഒരു ചെവി മാത്രമായിരുന്നെങ്കിൽ ഘ്രാണം സാധ്യമാകുന്നതെങ്ങനെ? എന്നാൽ, ദൈവം സ്വന്തം ഇഷ്ടമനുസരിച്ച് ഓരോ അവയവവും ശരീരത്തിൽ ക്രമപ്പെടുത്തിയിരിക്കുന്നു. എല്ലാംകൂടെ ഒരു അവയവമായിരുന്നെങ്കിൽ ശരീരം എവിടെയാകുമായിരുന്നു? ഇപ്പോഴാകട്ടെ പല അവയവങ്ങളും ഒരു ശരീരവുമാണുള്ളത്. കണ്ണിന് കൈയോട് എനിക്കു നിന്നെക്കൊണ്ട് ആവശ്യമില്ല എന്നോ, തലയ്ക്കു കാലിനോട് എനിക്കു നിന്നെക്കൊണ്ട് ഉപയോഗമില്ല എന്നോ പറയുക സാധ്യമല്ല. നേരേമറിച്ച്, ദുർബലങ്ങളെന്നു കരുതപ്പെടുന്ന അവയവങ്ങളാണ് കൂടുതൽ ആവശ്യമായിരിക്കുന്നത്. മാന്യങ്ങളല്ലെന്നു കരുതപ്പെടുന്ന അവയവങ്ങൾക്കു നമ്മൾ കൂടുതൽ മാന്യത കൽപിക്കുകയും, ഭംഗി കുറഞ്ഞവ

യെന്നു കരുതപ്പെടുന്നവയെ കൂടുതൽ അലങ്കരിക്കുകയും ചെയ്യുന്നു. ഭംഗിയുള്ള അവയവങ്ങൾക്ക് ഇവയൊന്നും ആവശ്യമില്ല. ദൈവമാകട്ടെ, അപ്രധാനങ്ങളായ അവയവങ്ങൾക്കു കൂടുതൽ പ്രാധാന്യം ലഭിക്കത്തക്കവിധം ശരീരം സംവിധാനം ചെയ്തിരിക്കുന്നു. അതു ശരീരത്തിൽ ഭിന്നിപ്പുണ്ടാകാതെ അവയവങ്ങൾ പരസ്പരം തുല്യ ശ്രദ്ധയോടെ വർത്തിക്കേണ്ടതിനുതന്നെ. ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും സന്തോഷിക്കുന്നു.

നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്. ദൈവം സഭയിൽ ഒന്നാമത് അപ്പസ്തോലൻമാരെയും രണ്ടാമത് പ്രവാചകൻമാരെയും, മൂന്നാമത് പ്രബോധകരെയും, തുടർന്ന് അദ്ഭുതപ്രവർത്തകർ, രോഗശാന്തി നൽകുന്നവർ, സഹായകർ, ഭരണകർത്താക്കൾ, വിവിധ ഭാഷകളിൽ സംസാരിക്കുന്നവർ എന്നിവരെയും നിയമിച്ചിരിക്കുന്നു. എല്ലാവരും അപ്പസ്തോലരോ? എല്ലാവരും പ്രവാചകരോ? എല്ലാവരും പ്രബോധകരോ? എല്ലാവരും അദ്ഭുതപ്രവർത്തകരോ? എല്ലാവർക്കും രോഗശാന്തിക്കുള്ള വരങ്ങളുണ്ടോ? എല്ലാവരും വിവിധ ഭാഷകളിൽ സംസാരിക്കുന്നുണ്ടോ? എല്ലാവരും വ്യാഖ്യാനിക്കുന്നുണ്ടോ?

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Lk. 4 : 18) ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുവാനും ബന്ധിതരെ മോചിക്കുവാനും കർത്താവ് എന്നെ അയച്ചിരിക്കുന്നു - അല്ലേലൂയാ!

## സുവിശേഷം

### ലൂക്കായുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (1: 1-4; 4: 14-21)

*(നിങ്ങൾ കേട്ടിരിക്കെത്തന്നെ ഇന്ന് ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു)*

നമ്മുടെ ഇടയിൽ നിറവേറിയ കാര്യങ്ങളുടെ വിവരണം എഴുതാൻ അനേകം പേർ പരിശ്രമിച്ചിട്ടുണ്ടല്ലോ. അതാകട്ടെ ആദിമുതൽ തന്നെ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകൻമാരും ആയിരുന്നവർ നമുക്ക് ഏൽപിച്ചു തന്നിട്ടുള്ളതനുസരിച്ചാണ്. അല്ലയോ, ശ്രേഷ്ഠനായ തെയോഫിലോസ്, എല്ലാ കാര്യങ്ങളും പ്രാരംഭം മുതൽക്കേ സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം എല്ലാം ക്രമമായി നിനക്കെഴുതുന്നത് ഉചിതമാണെന്ന് എനിക്കും തോന്നി. അത് നിന്നെ പഠിപ്പിച്ചിട്ടുള്ള വചനങ്ങളുടെ വിശ്വസ്തതയെക്കുറിച്ചു നിനക്കു ബോധ്യം വരാനാണ്.

അക്കാലത്ത്, യേശു ആത്മാവിന്റെ ശക്തിയോടുകൂടെ ഗലീലിയിലേക്കു മടങ്ങിപ്പോയി. അവന്റെ കീർത്തി സമീപപ്രദേശങ്ങളിലെങ്ങും വ്യാപിച്ചു. അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചു കൊണ്ടിരുന്നു. എല്ലാവരും അവനെ പുകഴ്ത്തി.

യേശു താൻ വളർന്ന സ്ഥലമായ നസറത്തിൽ വന്നു. പതിവുപോലെ ഒരു സാബത്തുദിവസം അവൻ അവരുടെ സിനഗോഗിൽ പ്രവേശിച്ച് വായിക്കാൻ എഴുന്നേറ്റു നിന്നു. ഏശയ്യാ പ്രവാചകന്റെ പുസ്തകം അവനു നൽകപ്പെട്ടു. പുസ്തകം തുറന്നപ്പോൾ ഇപ്രകാരം എഴുതിയിരിക്കുന്നത് അവൻ കണ്ടു: കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു. പുസ്തകം അടച്ചു ശുശ്രൂഷകനെ ഏൽപിച്ചതിനു ശേഷം അവൻ ഇരുന്നു. സിനഗോഗിൽ ഉണ്ടായിരുന്ന എല്ലാവരും അവനെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. അവൻ അവരോടു പറയാൻ തുടങ്ങി. നിങ്ങൾ കേട്ടിരിക്കെത്തന്നെ ഇന്ന് ഈ തിരുവെഴുത്തു നിറവേറിയിരിക്കുന്നു.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

തയ്യാറാക്കിയത് : സി. ബേബി ലിയോൺ S. H. E.

**കാർമ്മികൻ** : പ്രിയ സഹോദരരേ, ആർത്തരെയും, ആലംബഹീനരെയും സ്നേഹിക്കുന്ന പരമ പിതാവിന്റെ മുമ്പിൽ നമ്മുടെ പ്രാർത്ഥനകളും, യാചനകളും സമർപ്പിക്കാം.

1. സ്നേഹ പിതാവേ, പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ സഭാപാലകരെയും നവ ചൈതന്യത്താൽ നിറയ്ക്കണമെ. തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ദൈവഹിതമനുസരിച്ച് പൂർത്തിയാക്കുവാൻ വേണ്ട കൃപാവരങ്ങൾ നൽകി ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സ്നേഹ താതാ, ലോകം മുഴുവനിലുമുള്ള എല്ലാ മിഷനറിമാരെയും, പ്രേഷിത പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും, ഞങ്ങളുടെ പുതുതലമുറയ്ക്ക് വചന വെളിച്ചം പകർന്നു നൽകുന്ന മതബോധന അദ്ധ്യാപകരെയും സമർപ്പിക്കുന്നു. ആത്മാർത്ഥതയോടും, സ്ഥിരോത്സാഹത്തോടും കൂടെ തങ്ങളുടെ പ്രവർത്തന മേഖലകളിൽ വ്യാപൃതരാകുവാൻ ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. കുടുംബങ്ങളുടെ നാഥനായ ദൈവമേ, എല്ലാ കുടുംബങ്ങളെയും അങ്ങേ തിരുഹൃദയത്തോട് ചേർത്തുവയ്ക്കുന്നു. ജീവിത പ്രതിസന്ധികളിൽ തളരാതെ, അവയെ നേരിടുവാൻ വേണ്ട കരുത്തും ശക്തിയും അങ്ങിൽ നിന്നും ആർജ്ജിച്ചുകൊണ്ട്, സ്നേഹത്തിലും, ഐക്യത്തിലും നിലനിന്ന് സുവിശേഷത്തിന്റെ ആദ്യ വിളനിലമായി പ്രശോഭിക്കുവാൻ ഓരോ കുടുംബങ്ങളെയും അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. ദൈവമേ, വഖഫ് ബോർഡിന്റെ അവകാശവാദത്തെ തുടർന്ന് നഷ്ടമായ റവന്യൂ അവകാശങ്ങൾ പുന:സ്ഥാപിച്ചുകിട്ടാൻ വേണ്ടി സമരമുഖത്തായിരിക്കുന്ന മുനമ്പം നിവാസികളെ സമർപ്പിക്കുന്നു. ഒരായുസ്സിന്റെ മുഴുവൻ സമ്പാദ്യമായ വസ്തുവകകൾ നഷ്ടപ്പെടുമെന്ന ഇവരുടെ ആശങ്കയകറ്റാൻ സർക്കാർ മുൻകൈയെടുക്കണമെന്നും, വഖഫ് നിയമഭേദഗതിയിലൂടെ ശാശ്വത പരിഹാരം സാധ്യമാക്കണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. നിത്യജീവന്റെ ഉറവിടമായ ദൈവമേ, നിത്യതയെക്കുറിച്ചുള്ള ഓർമ്മയും, ഒരുക്കവും ഞങ്ങളിൽ ഉളവാക്കണമെ. സ്വർഗ്ഗീയ സമ്മാനത്തിനായി യാത്രയായ ഞങ്ങളുടെ പ്രിയപ്പെട്ടവരുടെയും, ആരും പ്രാർത്ഥിക്കുവാനില്ലാത്ത ആത്മാക്കളുടെയും കുറവുകളെല്ലാം ക്ഷമിച്ച്, സ്വർഗ്ഗീയ സൗഭാഗ്യത്തിലേയ്ക്ക് അവരെയും പ്രവേശിപ്പിക്കുവാൻ കനിവുണ്ടാകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : ദൈവമേ, ആയിരിക്കുന്ന ഇടങ്ങളിൽ ജീവിക്കുന്ന സുവിശേഷമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. അങ്ങെ പ്രിയ മക്കൾ സമർപ്പിക്കുന്ന ഈ പ്രാർത്ഥനകൾ ദയാപൂർവ്വം സ്വീകരിക്കണമെ.

ഞങ്ങളുടെ കർത്താവായ........

## ഗാനങ്ങൾക്ക് (You Tube: Verbum Domini Songs)

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

### പ്രവേശന ഗാനം

സ്നേഹദീപം തെളിയുന്നു
നാഥനീശോ അണയുന്നു (2)
ഉരുകുമീ തിരികൾ പോൽ
ഉയരുമീ ധൂപം പോൽ... (2)
ബലിയായ് നവ ബലിയായ്
നാഥനേകാനണയാം

താതനാം ദൈവം പുത്രനാം ദൈവം
പരിശുദ്ധാത്മാവാം ദൈവം (2)
ത്രിത്വൈക ദൈവമേ....
ആരാധനാ....

സമയം സമാഗതമായ് അനുതപിച്ചീടുവിൻ (2)
പെസഹാ നാളിൻ പ്രഭ പോലെ
പാരിൽ ദീപ്തമാകാൻ.... (2)
ഹൃദയം നിറയെ ജീവൻ പകരും
സ്നേഹ വിരുന്നിൽ പങ്കുചേരാം
ഈ സ്നേഹ വിരുന്നിൽ പങ്കുചേരാം (2)

### കാഴ്ചവയ്പ് ഗാനം

കാഴ്ച്ചയേകാം ദൈവമേ ജീവിതം ബലിയായ്
എന്നെയും എൻ സർവ്വവും നിൻ തിരുബലിയിൽ (2)
ഹൃദയ താലമതേകിടാം ഹൃദയപൂർവ്വം ഞാൻ
സ്നേഹമോടെ മാറ്റണേ നിൻ ഹിതം പോലെ (2)

ഉയരുമീ കാസയിൽ എന്നെയും നൽകാൻ
ധന്യമായ് നവ്യമായ് കാത്തുകൊള്ളണമേ
ജീവിതം നിൻ സന്നിധേ
സ്നേഹമോടെരിയാൻ
നിന്റേതല്ലാ മോഹമെല്ലാം
ബലികഴിച്ചിടുവാൻ
ശക്തി നൽകണമേ (കാഴ്ച്ചയേകാം.....)

### ദിവ്യകാരുണ്യ ഗാനം


ഈശോയും ഞാനും ഒന്നാകും നേരം
കാരുണ്യം കനലായ് നാവിൽ അലിയുന്നു
നാഥൻ സ്വന്തമായ് എന്റേതാകുന്നു
സ്വർഗ്ഗത്തിൻ സ്വരമെൻ സ്വത്തായ് മാറുന്നു
നെഞ്ചോടു ചേർത്തെന്റെ ഈശോ
ആ ചങ്കിലെ ചൂടേകിയെന്നിൽ
പ്രാണൻ വെടിഞ്ഞെന്റെ ഈശോ
സ്വന്തം ജീവൻ പകർന്നേകിയെന്നിൽ

നിന്നിൽ വളരുവാൻ എന്നിൽ കുറയുവാൻ
നീയായ് മാറുന്നീ തിരുബലിയിൽ (2)
(ഈശോയും......)

ഹൃത്തിനുള്ളിൽ അലിയും നീയെൻ ബലിയായ് മാറുന്നു
ഉള്ളിനുള്ളിൽ വാഴുമ്പോഴെൻ ആത്മം നിറയുന്നു (2)
മൗനമാം സ്നേഹമായ് മന്നയായ് അന്നമായ്
ഈ... തിരുബലിയിൽ... (2) (നിന്നിൽ.......)
(ഈശോയും......)

ഉരുകും നോവിൽ നിറയും നേരം ഉയിരായ് മാറുന്നു
കരയും കണ്ണിൽ കരമായ് നീയെൻ
കണ്ണീർ മായ്ക്കുന്നു (2)
സ്നേഹമാം ദൈവമായ് എന്നുമെൻ ജീവനായ്
ഈ... തിരുബലിയിൽ... (2) (ഈശോയും......)

| Jan/ Feb | വിശുദ്ധർ | വായനകൾ |
|---|---|---|
| 27 Mon | Sts. Timothy & Titus | Hebr 9: 15. 24-28/ Ps 98: 1. 2-3ab. 3cd-4. 5-6/ Mk 3: 22-30 |
| 28 Tue | St. Thomas Aquinas | Hebr 10: 1-10/ Ps 40: 2 and 4ab. 7-8a. 10. 11/ Mk 3: 31-35 |
| 29 Wed | Sts. Sarbelius & Barbea | Hebr 10: 11-18/ Ps 110: 1. 2. 3. 4/ Mk 4: 1-20 |
| 30 Thu | St. Aldegunais | Hebr 10: 19-25/ Ps 24: 1-2. 3-4ab. 5-6/ Mk 4: 21-25 |
| 31 Fri | St. John Bosco | Hebr 10: 32-39/ Ps 37: 3-4. 5-6. 23-24. 39-40/ Mk 4: 26-34 |
| 01 Sat | St. Brigid of Ireland | Hebr 11: 1-2. 8-19/ Lk 1: 69-70. 71-72. 73-75/ Mk 4: 35-41 |



Sunday
**വെർബും ദോമിനിയുടെ**
**പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ**

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor

Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.